**മംഗലാപുരം കലാപത്തിൽ ഏറ്റവും കൂടുതൽ ആക്രമിക്കപ്പെട്ടത് മുസ്‌ലിംകൾ, കൊല്ലപ്പെട്ടവരെല്ലാം മുസ്‌ലിംകൾ, വ്യപാരസ്ഥാപനങ്ങൾ കൊള്ളയടിക്കപ്പെട്ടതും വാഹനങ്ങൾ തീവെക്കപ്പെട്ടതും മുസ്‌ലിംകളുടേത്. ഇത് സർക്കാർ നിയോഗിച്ച വസ്തുതാന്വേഷണ കമ്മിറ്റിയുടെ കണ്ടെത്തലാണ്. അത്ഭുതമെന്നുപറയട്ടെ, ഏറ്റവും കുടുതൽ പ്രതികളും മുസ്‌ലിംകളായിരുന്നു!**

● രവീന്ദ്രൻ രാവണേശ്വരം

# കർണാടക മാധ്യമങ്ങളുടെ ഹിന്ദുത്വ അജണ്ട

**ഉത്തരേന്ത്യൻ** മാധ്യമ പ്രവർത്തനം ദക്ഷിണേന്ത്യയിലേക്കുവരുന്നത് കർണാടകം വഴിയാണ്. ഒരു പത്രം കടന്നുവരുമ്പോൾ മൂല്യങ്ങൾ കടന്നുവരുന്നുവെന്ന് സി.പി സ്കോട്ടും സ്വദേശാഭിമാനിയും നേരത്തേ നമ്മെ പഠിപ്പിച്ചിട്ടുണ്ട്. പത്രം വരുമ്പോൾ പിന്നാലെ പലതും വരും എന്നുതന്നെയാണ് ഇതുകൊണ്ട് അർഥമാക്കുന്നത്. ഗുജറാത്ത് വംശഹത്യാ സംഭവത്തിൽ പത്രങ്ങൾ നരേന്ദ്രമോഡിയുടെ ഓരംചേർന്ന് വിഷംകലർന്ന വാർത്ത വിളമ്പിയതിന് 'ഗുജറാത്ത്' പത്രപ്രവർത്തനത്തെ അലഹബാദ് ഹൈക്കോടതി വിമർശിച്ചിരുന്നു. ഇതാണ് ഉത്തരേന്ത്യൻ പത്രപ്രവർത്തനം എന്നാകുമ്പോൾ അത് കർണാടക ജനതയെ എങ്ങനെ രൂപപ്പെടുത്തിയെടുക്കുന്നുവെന്നാണ് 2006 ഒക്ടോബർ അഞ്ചിന് തുടങ്ങിയ മംഗലാപുരം കലാപം കാണിച്ചു തന്നത്. ഗുജറാത്തിൽ നിന്ന് കാവിവത്കരിക്കപ്പെട്ട വാർത്ത കന്നടയിലേക്ക് എത്താൻ അധികം ദൂരമില്ല.

ലോകപ്രശസ്ത മാധ്യമ നിരൂപകൻ മാർഷൽ മാക് ലുഹാൻെറ 'മാധ്യമം ഒരു സന്ദേശമാണ്' എന്ന സിദ്ധാന്തം ശരിയാണെങ്കിൽ, ഗുജറാത്തിനുശേഷം നടന്ന മംഗലാപുരം കലാപം ഈ കാഴ്ചപ്പാടിനെ അന്വർഥമാക്കുന്നു. ഗുജറാത്തിൽ മോഡി തുടങ്ങിവച്ച കലാപത്തെ വാർത്താമാധ്യമങ്ങൾ രൂപപ്പെടുത്തിയപ്പോൾ മംഗലാപുരത്ത് പത്രങ്ങൾ തുടങ്ങിവച്ച കലാപത്തെ ഒരു മന്ത്രി രൂപപ്പെടുത്തിയെടുക്കുകയായിരുന്നു. ദക്ഷിണ കന്നട, ഉഡുപ്പി, ചിക്മംഗ്ലൂർ എന്നിവിടങ്ങളിലെ കലാപങ്ങൾക്കും സംഘർഷങ്ങൾക്കും മുഖ്യപ്രചോദനം അയോധ്യക്കും ഗുജറാത്തിനും ശേഷമുള്ള മാധ്യമങ്ങളാണ്. ഹിന്ദുത്വ അജണ്ട നടപ്പിലാക്കാൻ മുഖ്യധാര കന്നട പത്രങ്ങൾ എന്താണ് നിർവഹിച്ചതെന്നു മനസ്സിലാക്കാൻ ഗുജറാത്ത് സംഭവത്തിനു ശേഷമുള്ള കന്നട പത്രങ്ങൾ പരിശോധിച്ചാൽ മതി.

ഗുജറാത്ത് സംഭവത്തിനു ശേഷം കന്നട പത്രങ്ങളുടെ ഡസ്കും ബ്യൂറോയും കാവിവത്കരിക്കപ്പെട്ടുവെന്ന് പറയാം. സംസ്ഥാനത്ത് ബി.ജെ.പി സഖ്യത്തിൻെറ ഭരണവും പത്രങ്ങളുടെ സാമ്പത്തിക സ്രോതസ് സർക്കാറും കർണാടകത്തിലെ സവർണജാതിക്കാരുടെ വ്യാപാരങ്ങളും ആകുമ്പോൾ സംഘപരിവാറിൻെറ 'ഫത്വ' അംഗീകരിക്കുകയല്ലാതെ വേറെ മാർഗമുണ്ടായിരുന്നില്ല.

### മംഗലാപുരം കലാപം

ഗുജറാത്തിനുശേഷം ദക്ഷിണകാനറയിൽ സംഘ്പരിവാറിന് സ്വാധീനമുള്ള ഉത്സവങ്ങളെല്ലാം മുസ്‌ലിംകളെ നോവിക്കാനുള്ള അവസരമാക്കി ഉപയോഗിക്കുകയായിരുന്നു. ഒരു ഹിന്ദു-മുസ്‌ലിം കലാപത്തിലേക്ക് എങ്ങനെയെങ്കിലും എത്തിക്കുകയെന്ന അജണ്ട വിജയിപ്പിച്ചെടുത്തതാണ് മംഗലാപുരം കലാപം. മംഗലാപുരം കലാപത്തിന് ഒരു കാരണം ബജ്പെയിലെ ഘോഷയാത്രയായിരുന്നു. ബജ്പെയിലെ ക്ഷേത്ര ഉത്സവത്തിലെ ഒരു ടാബ്ലോ, ദേവി വിഗ്രഹത്തെ മുട്ടുകുത്തി തൊഴുത് പ്രാർഥിക്കുന്ന ഒരു മുസ്‌ലിം ആയിരുന്നു. ഇത് മാറ്റണമെന്ന് ഏതാനും മുസ്‌ലിംകളും അതുപറ്റില്ലെന്ന് ബജ്റംഗദളുകാരും വാദിച്ചപ്പോൾ പോലിസ് ഇടപെട്ട് പ്രശ്നം പരിഹരിച്ചു. അത് അവിടെ അവസാനിച്ചിരുന്നു. എന്നാൽ കന്നട പത്രങ്ങൾ അത് ചിത്രങ്ങൾ സഹിതം അടുത്ത ദിവസം നൽകി ആഘോഷിച്ചു. ആർ.എസ്.എസും ബജ്റംഗ്ദളും പ്രശ്നം കുത്തിപൊക്കി. പോലിസ് മുസ്‌ലിം പക്ഷം പിടിച്ചുവെന്ന് ആരോപിച്ച സംഘ്പരിവാർ രാത്രി, മാടുകളെയും കൊണ്ട് അറവുശാലയിലേക്ക് പോവുകയായിരുന്ന വാൻ ആക്രമിച്ച് സംഘർഷമുണ്ടാക്കി. പോലിസ് ഇടപെട്ട് ആ പ്രശ്നവും തീർത്തു. എന്നാൽ അതുകൊണ്ട് തീർന്നില്ലെന്ന് മംഗലാപുരംകാരനായ ഫിഷറീസ് മന്ത്രി നാഗരാജഷെട്ടി ദക്ഷിണകാനറ എസ്.പിയായിരുന്ന ബി. ദയാനന്ദയോട് പറഞ്ഞു. അടുത്ത ദിവസം ബന്ദ്, രണ്ട് മുസ്‌ലിംകൾ കൊല്ലപ്പെട്ടു. മുസ്‌ലിം കച്ചവടക്കാരുടെ വ്യാപാര സ്ഥാപനങ്ങളെല്ലാം തകർത്തു കൊള്ളയടിച്ചു. മുസ്‌ലിം വീടുകളിൽ നരനായാട്ടു നടത്തി. എല്ലാത്തിനും പത്രങ്ങളുടെ സഹായം വേണ്ടുവോളം കിട്ടി. മംഗലാപുരത്ത് അറവുശാലകളാണ് സംഘ്പരിവാറിൻെറ പ്രധാന സംഘർഷ സ്രോതസ്. അറവുശാലകൾക്കെതിരെ അവർ സ്വീകരിച്ച നടപടി, എല്ലാ അറവുശാലകളും ലേലം കൊണ്ട് അടച്ചിടുകയെന്നതാണ്. അങ്ങനെ മാടു മാംസം വിൽപന തടയാൻ ആർ.എസ്.എസ് എല്ലാ അറവുശാലകളും ലേലം കൊണ്ടു. മുസ്‌ലിം ഹോട്ടലുകളിൽ മാംസവിൽപന നിർത്തി. എന്നാൽ മറ്റുഗതിയില്ലാതെ ആർ.എസ്.എസ്സുകാർ തന്നെ അറവുശാല തുറന്നുകൊടുത്തു. പിന്നെ അവർ ലേലം

കൊള്ളാൻ വന്നില്ല. ഗോവധ നിരോധ ത്തിലെ പൊള്ളത്തരം അന്ന് വ്യക്തമായി.

മംഗലാപുരം കലാപത്തിൽ ഏറ്റവും കൂടുതൽ ആക്രമിക്കപ്പെട്ടത് മുസ്‌ലിംകൾ, കൊല്ലപ്പെട്ടവർ എല്ലാം മുസ്‌ലിംകൾ, വ്യപാരസ്ഥാപനങ്ങൾ കൊള്ളയടിക്കപ്പെട്ടതും വാഹനങ്ങൾ തീവെക്കപ്പെട്ടതും മുസ്‌ലിംകളുടേത്. ഇത് സർക്കാർ നിയോഗിച്ച വസ്തുതാന്വേഷണ കമ്മിറ്റിയുടെ കണ്ടെത്തലാണ്. അത്ഭുതമെന്നുപറയട്ടെ, ഏറ്റവും കുടുതൽ പ്രതികളും മുസ്‌ലിംകളായിരുന്നു! 2006-ൽ നടന്ന കലാപത്തിൽ പിടിക്കപ്പെട്ട പ്രതികളായ മുസ്‌ലിംകളെ ജാമ്യത്തിൽ വിട്ടത് 2008-ലാണ്. മാധ്യമങ്ങൾ പിന്തുണക്കാതെ ഇത് സംഭവിക്കില്ലായിരുന്നു. എങ്ങനെ മുസ്‌ലിംകൾ കൂടുതൽ പ്രതികളായെന്നോ, എന്തുകൊണ്ട് അവർ മാത്രം കുടുതൽ കാലം ജയിലിൽ കിടന്നുവെന്നോ ചോദിക്കാനും എഴുതാനും പത്രങ്ങൾ ഉണ്ടായിരുന്നില്ല. മാധ്യമങ്ങളുടെ അജണ്ട സംഘ്പരിവാർ നിർണയിച്ചത് അത്രക്കും ആഴത്തിലായിരുന്നു. എല്ലാ അക്രമങ്ങൾക്കും നേതൃത്വം നൽകിയത് ഫിഷറീസ് മന്ത്രി നാഗരാജഷെട്ടിയായിരുന്നുവെന്ന് പരക്കെ ആരോപണം ഉണ്ടായിരുന്നു. ഈ മന്ത്രിയാണ് കർഫ്യൂ പ്രഖ്യാപിച്ചത്. ഇദ്ദേഹം വിളിച്ചുചേർത്ത പത്രസമ്മേളനത്തിൽ ലഡുവിതരണം നടത്തി, പത്രപ്രവർത്തകരുടെ തോളത്ത് കൈയിട്ടു, കവിളിൽ പിച്ചി, കെട്ടിപ്പിടിച്ചു. ഈ ലേഖകനും ആ പത്രസമ്മേളനത്തിൽ പങ്കെടുത്തിരുന്നു. അതേ സമയം മതസൗഹാർദ സമിതിയായ 'കോമു സൗഹാർദ വേദികെ' വിളിച്ചു ചേർത്ത വാർത്താസമ്മേളനത്തിൽ, പത്രസമ്മേളനം വിളിച്ചവരെ പരിഹസിക്കുകയായിരുന്നു കന്നട മാധ്യമങ്ങൾ. കൊല്ലപ്പെട്ടവന്റെയും ആക്രമിക്കപ്പെട്ടവന്റെയും കുടുംബങ്ങൾക്ക്, അവർ ആരായാലും നീതിലഭിക്കണമെന്ന് പറഞ്ഞപ്പോൾ അതിനെ പരിഹസിക്കുകയായിരുന്നു കന്നട വാർത്താലേഖകർ ഭൂരിഭാഗവും. അതിനും ഈ ലേഖകൻ സാക്ഷിയായിരുന്നു. അത്രയും ജുഗുപ്സാവഹമായ കാവി വിധേയത്വമാണ് അവിടെയുള്ളത്.

### മുസ്‌ലിം വിരുദ്ധ പത്രപ്രവർത്തനം

തീരദേശ കർണാടക എന്നാൽ ന്യൂനപക്ഷ മേഖലയാണ്. ഉള്ളാൾ മുതൽ ഭട്കൽ വരെയാണ് ഈ മേഖല. അതുകൊണ്ട് കരാവലി(തീരദേശം)ക്കാരെ കുത്തിനോവിക്കാൻ എന്നും മുഖ്യധാരാ പത്രങ്ങൾ വരെ മത്സരിക്കും. മുസ്‌ലിംകളുടെ നെഞ്ചിൽ ചവിട്ടി സർക്കുലേഷൻ വർധിപ്പിക്കാനായിരിക്കും എല്ലാവരും ശ്രമിക്കുക. ഏറ്റവും സർക്കുലേഷനുള്ള ഭാഷാപത്രമായ *വിജയകർണാടക* ഒരു 'സ്കൂപ്' അവതരിപ്പിച്ചു. 'തീരദേശകർണാടകക്ക് അധോലോക ബന്ധം'(2006 സെപ്റ്റംബർ 8). മുംബൈയുമായി ബന്ധമുള്ളവരാണ് തീരദേശത്ത് താമസിക്കുന്നതെന്നും ഇവിടെ സ്ഫോടക വസ്തു



**വർഗീയ മനസ്സ് രൂപപ്പെടുത്തുന്നതിൽ പത്രങ്ങൾക്കുള്ള പങ്ക് ചെറുതല്ല. എന്നു മാത്രമല്ല അവർ തന്നെയാണ് അത് ചെയ്യുന്നതും. ദക്ഷിണകാനറ അതിന്റെ റോൾമോഡലാണ്. കർണാടകത്തിൽ നിന്ന് കേരളത്തിലേക്ക് അധിക ദൂരമില്ല.**

ക്കളും എ.കെ. 47 തോക്കുകളും ഇറക്കുന്നുണ്ടെന്നും ഏതുസമയത്തും ഭീകരാക്രമണം ഉണ്ടാകാമെന്നുമൊക്കെ എഴുതി പിടിപ്പിച്ചു. ഈ വാർത്തയിൽ ഏതെങ്കിലും സമുദായത്തിന്റെ പേരു പറഞ്ഞില്ല. എന്നാൽ പിന്നാലെ ഹാജിമസ്താന്റെ പേര് തുടരെ തുടരെ പരാമർശിച്ച് കാര്യം നിർവഹിച്ചു. വാർത്തയിലൂടെ മുസ്‌ലിംകൾ എ.കെ. 47 മംഗലാപുരത്ത് ഇറക്കുകയാണെന്നും ഹിന്ദുക്കൾ അപകടത്തിലാണെന്നുമുള്ള ധാരണ പ്രചരിപ്പിക്കാൻ കഴിഞ്ഞു.

ചിക്മംഗ്ലൂരിലെ 'ബാബാബുധൻഗിരി'സംഘർഷ പ്രദേശമാണ്. ഈ നാമം മുസ്‌ലിംകളുമായി ബന്ധപ്പെട്ടതാണ്. ഇത് 'ദത്താത്രേയ പീഢ'മാണെന്നാണ് ആർ.എസ്.എസ് പറയുന്നത്. പത്രങ്ങൾ 'ബാബാബുധൻഗിരി പ്രശ്നം' എന്ന് പരാമർശിക്കും. ഇത് ആർ.എസ്.എസിനെ അസ്വസ്ഥമാക്കാറുണ്ട്. നാലുവർഷം മുമ്പ് ആർ.എസ്.എസ് പത്രങ്ങൾക്ക് എതിരെ ഒരു 'ഫത്‌വ'പുറപ്പെടുപ്പിച്ചു. മേലിൽ 'ദത്താത്രേയ പീഢ' എന്ന് പരാമർശിക്കണമെന്നാണ് 'ഫത്‌വ'. ഉടനെ 'യെസ് ബോസ്' എന്ന് അനുസരണയോടെ അച്ചുകൾ മാറ്റിവച്ച പത്രങ്ങളാണ് കർണാടകത്തിലേത്.

പൈ ഗ്രൂപ്പുകാരുടെ *ഉദയവാണി*യും *വിജയകർണാടക*യും ആർ.എസ്.എസിനു വേണ്ടി മത്സരിക്കുമ്പോൾ സ്വന്തം പുത്രനായ *ഹൊസദിഗന്ത*യോട് വളർത്തുമകനോടുള്ള കൂറുപോലും സംഘത്തിനില്ല. 'സ്വതന്ത്ര പത്രപ്രവർത്തനം നടത്തി നടത്തി *വിജയകർണാടക*ക്കാർ ആർ.എസ്.എസിന്റെ 'ബൈഠക്കി'ലിരുന്നുവെന്നാണ് അറിഞ്ഞത്. പിന്നീട് പത്രം *ടൈംസ് ഓഫ് ഇന്ത്യ*ക്ക് കൈമാറിയപ്പോൾ എഡിറ്റർ അറിയാവുന്ന പണിതന്നെ തുടർന്നു. *ഉദയവാണി*യുടെ ഒരു വാർത്ത ഇങ്ങനെയായിരുന്നു: 'മുസ്‌ലിം വ്യാപാരികൾ ഹിന്ദുപെൺകുട്ടികൾക്ക് എയ്ഡ്സ് വൈറസ് കുത്തിവെക്കുന്നു.' ലേഖകൻ വാർത്ത കൊടുത്തു, പത്രം പ്രസിദ്ധപ്പെടുത്തി. ഇരയായത് 'ഹിന്ദു' ആയതുകൊണ്ട് 'ഡസ്ക് വർക്ക് 'വേണ്ടിവന്നില്ല. അനന്തരഫലം ഊഹിക്കാവുന്നതേയുള്ളൂ. ആയുധമെടുത്ത സംഘങ്ങൾ 12-ഓളം വില്ലേജുകളിൽ നായാടി. യഥാർഥത്തിൽ എന്താണു സംഭവം? തീരദേശത്തെ ഒരു വിപണന മേളയിൽ മോഷണം നടത്താൻ ശ്രമിച്ച ഏതാനും പേരെ ഒരു മുസ്‌ലിം കച്ചവടക്കാരൻ സാധാരണ സൂചിയെടുത്ത് കുത്തി. പരിക്കേറ്റവരിൽ ഒരു പെൺകുട്ടിയും അറിയാതെ ഉൾപ്പെട്ടു. ഇതാണ് 'മുസ്‌ലിം കച്ചവടക്കാർ ഹിന്ദു പെൺകുട്ടികൾക്ക് എയ്ഡ്സ് കുത്തിവെക്കുന്നു' എന്ന നിലയിൽ പ്രചരിപ്പിച്ചത്. *ഉദയവാണി*യുടെ റിപ്പോർട്ടറോ എഡിറ്ററോ ഈ വാർത്തയുടെ നിജസ്ഥിതി പരിശോധിച്ചില്ല. എതിർപക്ഷത്ത് മുസ്‌ലിം. മറുപക്ഷത്ത് ഹിന്ദു. നല്ല 'സ്കൂപ്പാ'യി.

കലഘാട്ടിവനത്തിലെ തീവ്രവാദി ക്യാമ്പ് സംബന്ധിച്ച വാർത്തയും ഇതുപോലെ 'ക്രോസ് ചെക്ക്' ചെയ്യാതെ ത

ന്നെ പ്രചരിപ്പിച്ചു. പാകിസ്താൻ പോലും അമ്പരന്നുപോയ വാർത്ത *മാതൃഭൂമി*യിൽ ലീഡായത് ലേഖകൻ ആർ.എസ്.എസു കാരനായതുകൊണ്ടല്ല. ഹിന്ദുത്വ അജണ്ട യുടെ നെറ്റ് വർക്കിൽ കുരുങ്ങിയതുകൊണ്ടാണ്. കർണാടകയിലെ *ഉദയവാണി* എന്നാൽ കേരളത്തിലെ *മാതൃഭൂമി*യെന്നാണ് പരക്കെ പറയപ്പെട്ടിരുന്നത്. ഇങ്ങനെ പോയാൽ *ഉദയവാണി*യുടെ മാറ്റം ചെറിയ തോതിൽ *മാതൃഭൂമി*ക്കും വരും.

മറ്റൊരു സംഭവത്തിൽ ആദി ഉഡുപ്പിയിൽ ഹാജബ്ബ, ഹസനബ്ബ എന്നീ രണ്ടു മുസ്‌ലിംകളെ സംഘ്പരിവാർ സംഘത്തിൽപെട്ടവർ ആക്രമിച്ചു. എന്നാൽ പ്രതികളെ പോലിസ് അറസ്റ്റു ചെയ്തില്ല. ഇതിനെതിരെ സെക്യുലർ സമിതിയുടെ ആളുകൾ റാലി സംഘടിപ്പിച്ചു. സ്വാഭാവികമായും അതിൽ മുസ്‌ലിംകൾ കൂടുതൽ പങ്കെടുത്തു. അവർ അവരുടെ പച്ച നിറം കൂടി ഉൾപെട്ട പതാകയേന്തി. അടുത്ത ദിവസം *ഉദയവാണി* എഴുതിയത് 'പാകിസ്താൻ പതാക'യേന്തി പ്രകടനം നടത്തിയെന്നും പാകിസ്താൻ അനുകൂലമായി മുദ്രാവാക്യം വിളിച്ചുവെന്നുമാണ്. ഇതിനെതിരെ പത്രക്കുറിപ്പ് നൽകിയപ്പോൾ അത് നിരസിക്കുകയാണ് *ഉദയവാണി* ചെയ്തത്. ഒടുവിൽ *കമ്യൂണൽ ഹാർമണി* സമിതി ഇടപെട്ട് പോലീസ് സൂപ്രണ്ടിനെ കൊണ്ട് വാർത്താസമ്മേളനം വിളിപ്പിച്ചു. ആ വാർത്ത കാണാൻ ഭൂതക്കണ്ണാടി വേണ്ടി വന്നു. ഇവിടെയുള്ള സായാഹ്ന പത്രങ്ങളെ കുറിച്ച് കൂടുതൽ പറയേണ്ടതില്ലല്ലോ?

### മാധ്യമങ്ങളുണ്ടാക്കിയ രാഷ്ട്രീയ പരിണാമം

സവർണ ജാതിക്കാർ വ്യാപാര വ്യവസായ മേഖലകൾ കൈയടക്കിവച്ച ദക്ഷിണകാനറയിൽ എന്നും കോൺഗ്രസിന് തന്നെയായിരുന്നു രാഷ്ട്രീയ വിജയം. ഇന്ത്യയിൽ ആർ.എസ്.എസിന്റെ ഏറ്റവും ഇടതൂർന്ന ശാഖകൾ മംഗലാപുരത്താണെങ്കിലും കോൺഗ്രസ്സ് തന്നെയാണ് ജനങ്ങളുടെ ഫസ്റ്റ് ലവ്. മുസ്‌ലിം ജനവിഭാഗം തീരദേശമേഖലയിൽ ശക്തമായിരുന്നുവെങ്കിലും മുസ്‌ലിം ലീഗിനെ പോലും സ്വീകരിക്കാൻ അവർ തയാറായിരുന്നില്ല. എന്നാൽ ദക്ഷിണ കാനറയിൽ നിലംതൊടാൻ കഴിയാതിരുന്ന ബി.ജെ.പി ഗുജറാത്ത് സംഭവത്തിനു ശേഷമാണ് ദക്ഷിണകാനറയിലെ നിയമസഭാ മണ്ഡലങ്ങളിലും ലോക്സഭാ മണ്ഡലങ്ങളിലും ആധിപത്യം സ്ഥാപിച്ചത്. പിന്നാലെ അവർ ജില്ലാ പഞ്ചായത്തും പിടിച്ചു. കോൺഗ്രസിന്റെ അഭിമാനമായ മംഗലാപുരം കോർപറേഷൻ ഒടുവിൽ ബി.ജെ.പിയുടെ കൈകളിലെത്തി. ദക്ഷിണകാനറയിൽ ഇനി മതനിരപേക്ഷ കക്ഷികൾക്ക് ബാക്കിയൊന്നുമില്ലാതായി.

വർഗീയ മനസ്സ് രൂപപ്പെടുത്തുന്നതിൽ പത്രങ്ങൾക്കുള്ള പങ്ക് ചെറുതല്ല. എന്നു മാത്രമല്ല അവർ തന്നെയാണ് അത് ചെയ്യുന്നതും. ദക്ഷിണകാനറ അതിന്റെ റോൾമോഡലാണ്. കർണാടകത്തിൽനിന്ന് കേരളത്തിലേക്ക് അധികം ദൂരമില്ല. ■